LIBRARY ARCHIVES Kerala Legislative Assembly

കൊട്ടാരക്കര മണ്ഡലത്തിലെ വികസന പദ്ധതികൾ

102(2140) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ വകുപ്പ് മുഖേന കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാനുള്ളവയുടെ വിശദാംശങ്ങളും ആയതിന് വകയിരുത്തിയ തുകയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ വകുപ്പ് മുഖേന കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിന് 50 സംഘങ്ങൾക്ക് 234.62 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുബന്ധത്തിൽ പറയുംവിധം തുക അനുവദിച്ചിട്ടുണ്ട്. *

(സി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ വിവിധ സംസ്ഥാന/ എൻ.സി.ഡി.സി. പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൺസ്യൂമർഫെഡിലെ അഴിമതി

103(2141) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം തടയുവാൻ പ്രവർത്തിക്കേണ്ട സ്ഥാപനമായ കൺസ്യൂമർഫെഡിൽ അഴിമതിയും കെടുകാര്യസ്ഥതയും മൂലം വിലക്കയറ്റം തടയുവാനും, അതുവഴി ജനങ്ങൾക്ക് സഹായം ലഭ്യമാക്കാൻ കഴിയാത്തതും സംബന്ധിച്ച വ്യാപക പരാതികൾ ശ്രദ്ധയിൽപ്പെട്ടുവോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ ;

(സി) കൺസ്യൂമർഫെഡിൽ സ്ഥിരം ജീവനക്കാർ എത്ര; ഡെപ്യൂട്ടേഷൻകാർ എത്ര; താല്കാലിക ജീവനക്കാർ എത്ര;

(ഡി) അഴിമതിക്കും മറ്റ് കുറ്റകൃത്യങ്ങൾക്കും വിവിധ അന്വേഷണം നേരിടുന്ന കൺസ്യൂമർഫെഡിലെ ഉദ്യോഗസ്ഥർ ആരെല്ലാം; എത്ര കോടി രൂപയുടെ അഴിമതികേസ്സുകളാണ് നിലവിലുള്ളത്; അന്വേഷണ ഉദ്യോഗസ്ഥർ ആരെല്ലാം; ഏതൊക്കെ അന്വേഷണമാണ് നടക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) കൺസ്യൂമർഫെഡിൽ അഴിമതി സംബന്ധിച്ച് മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ടോമിൻ തച്ചങ്കരി സർക്കാരിന് നൽകിയ റിപ്പോർട്ടിൽ എന്തെല്ലാം വിഷയങ്ങൾ സൂചിപ്പിച്ചുവെന്നും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ കൺസ്യൂമർഫെഡിൽ അഴിമതിയും കെടുകാര്യസ്ഥതയും മൂലം അന്വേഷണം നേരിടുന്ന എത്ര ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകിയെന്നും എപ്രകാരമുള്ള സ്ഥാനക്കയറ്റമാണ് നൽകിയതെന്നും, ഇത്തരത്തിൽ അന്വേഷണം നേരിടുന്ന എത്ര പേരെ സസ്പെന്റ് ചെയ്തുവെന്നും എത്ര പേരെ പിരിച്ചുവിട്ടുവെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ജി) കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് കൺസ്യൂമർഫെഡ് ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിച്ചിരുന്നത്; വ്യക്തമാക്കുമോ; നിലവിൽ കൺസ്യൂമർഫെഡ് നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; പ്രസ്തുത സ്ഥാപനത്തിന്റെ ഒരു മാസത്തെ ശരാശരി വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി)	സ്ഥിരം ജീവനക്കാർ	-	1314
	ഡെപ്യൂട്ടേഷൻ	-	1
	താൽക്കാലിക ജീവനക്കാർ/		
	ദിവസക്കൂലി	-	3285
	കരാർ അടിസ്ഥാനം	-	266

(ഡി) കൺസ്യൂമർ ഫെഡറേഷൻ മുൻ മാനേജിംഗ് ഡയറക്ടർ ഡോ. റിജി ജി. നായർ, ശ്രീ. ആർ. ജയകുമാർ, ശ്രീ. എം. ഷാജി, ശ്രീ. സ്വീഷ്സുകുമാരൻ, ശ്രീ. ഷാജു കെ. എന്നിവർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട്. അന്വേഷണം സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ അഴിമതി കേസുകളുമായി ബന്ധപ്പെട്ട് ഇക സംബന്ധിച്ച വിവരം ലഭ്യമല്ല. കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടന്നുവരുന്നതും ഇതിനായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ജോയിന്റ് രജിസ്ട്രാർ (എസ്. സി./എസ്. ടി.) ശ്രീ. പി. പി. ദിലീപ് കുമാറിനെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയിട്ടുള്ളതുമാകുന്നു. അന്വേഷണ ഉദ്യോഗസ്ഥനെ സഹായിക്കുന്നതിനായി 14 ജില്ലകളിൽ നിന്നും ഉദ്യോഗസ്ഥരുടെ ഒരു ടീം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പരിശോധനയിലുണ്ടായിരുന്ന ഫെഡറേഷന്റെ സാമ്പത്തിക ക്രമക്കേടുകൾ, അനധികൃതമായ അഡ്വാൻസുകൾ, സ്റ്റോക്കിലെ തിരിമറി തുടങ്ങിയവ തന്നെയാണ് മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ടോമിൻ തച്ചങ്കരി സർക്കാരിന് നൽകിയ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിരുന്നത്. ലഭിച്ച റിപ്പോർട്ട് ആവശ്യമായ നടപടികൾക്കായി വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ട്.

(എഫ്) അഴിമതിയും കെടുകാര്യസ്ഥതയും മൂലം അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടില്ല. കൺസ്യൂമർ ഫെഡറേഷൻ മുൻ മാനേജിംഗ് ഡയറക്ടർ ഡോ. റിജി ജി. നായർ, ജീവനക്കാരായ ശ്രീ. ആർ. ജയകുമാർ, ശ്രീ. കെ. ഷാജു എന്നിവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ആരെയും പിരിച്ചുവിട്ടിട്ടില്ല.

(ജി) കഴിഞ്ഞ എൽ.ഡി.എഫ്. ഭരണക്കാലത്തും നിലവിലും കൺസ്യൂമർഫെഡ് അറ്റനഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സ്ഥാപനത്തിൽ ഒരു മാസം ശരാശരി വരവ് 21.64 കോടി രൂപയും ചെലവ് 35.33 കോടി രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly